**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1807** **05-07-2022 - ൽ മറുപടിയ്ക്ക്**

**മുൻ എം. പാനൽ ജീവനക്കാരൻ തൂങ്ങിമരിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. മുൻ എം. പാനൽ ജീവനക്കാരനായിരുന്ന കോട്ടയം ബ്രഹ്മമംഗലം സ്വദേശി തൂങ്ങി മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | **എംപാനൽ ജീവനക്കാരെ നിലവിൽ കോർപ്പറേഷന്റെ റോളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതിനാൽ ഇതു സംബന്ധിച്ച് അന്വേഷണമോ, തുടർ നടപടികളോ നടത്തിയിട്ടില്ല. മാത്രമല്ല ഇതുമായി ബന്ധപ്പെട്ട് മറ്റ് പരാതികളൊന്നും ലഭിച്ചിട്ടില്ല.** |
| (ബി) | കെ-സ്വിഫ്റ്റ് കമ്പനി തുടങ്ങുമ്പോൾ മുൻ എം. പാനൽ ജീവനക്കാർക്ക് മുൻഗണന നൽകുമെന്ന് ഉറപ്പ് നൽകിയത് പാലിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും പിരിച്ചു വിട്ട എംപാനൽ ജീവനക്കാരെ കെ.എസ്. ആർ.ടി.സി.-സിഫ്റ്റിൽ പുനരധിവസിപ്പിക്കുമെന്ന് G.O (MS) No.7/2021/TRANS തീയതി 19/2/2021 സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നുവെങ്കിലും കെ.എസ്.ആർ.ടി.സി. -സിഫ്റ്റ് കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട WP(C) Nos. 5901/2021, 7077/21, 7232/21, 4655/22, 14784/21, CC 1227/21, CC1635/21 എന്നീ കേസുകളിലെ 9/2/2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെ.എസ്. ആർ.ടി.സി.-സിഫ്റ്റിലേക്കുള്ള താത്കാലിക നിയമനം നടത്തുന്നതിൽ യാതൊരു പ്രത്യേക പരിഗണനയും മുമ്പുണ്ടായിരുന്ന എംപാനൽ ജീവനക്കാർക്ക് നൽകരുതെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് G.O (MS) No.58/2021/TRANS തീയതി 11/12/2021 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (സി) | ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും പിരിച്ചു വിട്ട എംപാനൽ ജീവനക്കാരെ കെ.എസ്. ആർ.ടി.സി.-സിഫ്റ്റിൽ പുനരധിവസിപ്പിക്കു മെന്ന് G.O (MS) No.7/2021/TRANS തീയതി 19/2/2021 സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നുവെങ്കിലും കെ.എസ്.ആർ.ടി.സി. -സിഫ്റ്റ് കമ്പനി |

| | | | |
|---|---|---|---|
| | | | രൂപീകരണവുമായി ബന്ധപ്പെട്ട WP(C) Nos. 5901/2021, 7077/21, 7232/21, 4655/22, 14784/21, CC 1227/21, CC1635/21 എന്നീ കേസുകളിലെ 9/2/2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെ.എസ്. ആർ.ടി.സി.-സിഫ്റ്റിലേക്കുള്ള താത്കാലിക നിയമനം നടത്തുന്നതിൽ യാതൊരു പ്രത്യേക പരിഗണനയും മുമ്പുണ്ടായിരുന്ന എംപാനൽ ജീവനക്കാർക്ക് നൽകരുതെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് G.O (MS) No.58/2021/TRANS തീയതി 11/12/2021 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ